825

## പത്താംതരം

## തുല്യത 'എ' ലെവൽ കോഴ്സ്

# പ്രോസ്പെക്ടസ്

സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി
പൊതുവിദ്യാഭ്യാസ വകുപ്പ്
കേരള സർക്കാർ

## ആമുഖം

കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ ഭാഗമായ ദേശീയ സാക്ഷരതാ മിഷന്റെയും സംസ്ഥാനസർക്കാരിന്റെയും കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയം ഭരണ സ്ഥാപനമാണ് സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി. ഔപചാരിക വിദ്യാഭ്യാസത്തിന് അവസരം ലഭിക്കാതെ പോയവർക്കും അപൂർണ്ണമായി പഠനം നിറുത്തേണ്ടി വന്നവർക്കും തുടർ പഠനത്തിന് അവസരം നൽകുന്ന പഠന പരിപാടിയാണ് സാക്ഷരതാ മിഷൻ നടത്തുന്ന തുല്യതാ കോഴ്സുകൾ. ഔപചാരിക നാല്, ഏഴ് ക്ലാസുകൾക്ക് തുല്യമായ കോഴ്സുകൾ നടത്തി സർക്കാർ അംഗീകൃത സർട്ടിഫിക്കറ്റുകൾ നൽകുന്ന പ്രവർത്തനം സാക്ഷരതാ മിഷൻ 2000 മുതൽ നടത്തി വരുന്നു. തുല്യതാ കോഴ്സുകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് 2006 ൽ തുടക്കം കുറിച്ച പത്താം തരം 'എ' ലെവൽ. 17 വയസ്സ് പൂർത്തിയായ ഔപചാരിക ഏഴാം ക്ലാസ്സോ, തുല്യത ഏഴാം ക്ലാസ്സോ പാസായിട്ടുള്ള ഏതൊരാൾക്കും 'എ' ലെവൽ കോഴ്സിന് ചേരാൻ യോഗ്യതയുണ്ട്. 'എ' ലെവൽ കോഴ്സ് പാസ്സാകുന്നവർക്ക് എസ്. എസ്. എൽ.സി. പാസായവരെ പോലെ ഉപരിപഠനത്തിനും പി. എസ്. സി മുഖേനയും ഇതര മേഖലയിലുമുള്ള സർക്കാർ നിയമനങ്ങൾക്കും പ്രമോഷനും അർഹതയുണ്ടായിരിക്കും.

സർക്കാർ ഉത്തരവ് G.O.(MS) 78/2004/G.Edn dated 09.03.2004 പ്രകാരം ഈ കോഴ്സിന്റെ നടത്തിപ്പിനുള്ള ചുമതല സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്കും, പരീക്ഷ, മൂല്യനിർണ്ണയം, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം എന്നിവയുടെ ചുമതല പൊതുപരീക്ഷാ ബോർഡിനുമായിരിക്കും.

### കോഴ്സിന്റെ കാലയളവ്

പത്താംതരം തുല്യതാ 'എ' ലെവൽ കോഴ്സിന്റെ കാലയളവ് 10 മാസമായിരിക്കും.

### രജിസ്ട്രേഷൻ കാലാവധി

നിശ്ചിതഫോറത്തിൽ നിശ്ചിതഫീസു സഹിതം രജിസ്ട്രേഷനുവേണ്ടി അപേക്ഷ സമർപ്പിക്കാവുന്നതാണ്. രജിസ്ട്രേഷന്റെ കാലാവധി പരമാവധി 3 വർഷമാണ്.

### പാഠ്യപദ്ധതി

ഔപചാരികവിദ്യാഭ്യാസത്തിലെ എസ്.എസ്.എൽ.സിക്കുള്ള എല്ലാ വിഷയങ്ങളും 'എ' ലെവൽ കോഴ്സിനുമുണ്ടായിരിക്കും. എസ്.എസ്.എൽ.സി പാഠ്യപദ്ധതിയോട് 80% തുല്യതയവകാശപ്പെടാവുന്ന രീതിയിലാണ് 'എ' ലെവലിന്റെ പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

### കോഴ്സിൽ ചേരുന്നതിനുള്ള യോഗ്യതകൾ

രജിസ്ട്രേഷൻ ആരംഭിക്കുന്ന ജൂൺ 1ന് അപേക്ഷകർക്ക് 17 വയസ്സ് പൂർത്തിയായിരിക്കണം. ഉയർന്ന പ്രായപരിധി ഈ കോഴ്സിന് ബാധകമല്ല. താഴെ പറയുന്ന വിഭാഗത്തിലുള്ളവർക്ക് പത്താംതരം തുല്യത 'എ' ലെവൽ കോഴ്സിനു ചേരാവുന്നതാണ്.

1. ഔപചാരികതലത്തിലുള്ള ഏഴാംക്ലാസ്സു പാസായവർ.
2. ഏഴാംതരം തുല്യതാപരീക്ഷ പാസായവർ
3. എസ്.എസ്.എൽ.സി പരീക്ഷ തോറ്റവർ
4. ഔപചാരികതലത്തിലുള്ള 8നും 10നും ഇടയിൽ പഠനം നിറുത്തിയവർ.

## അപേക്ഷിക്കേണ്ട രീതി

- അപേക്ഷാഫോറവും പ്രോസ്പെക്ടസും സംസ്ഥാന സാക്ഷരതാ മിഷൻ ഓഫീസ്, ജില്ലാ ഓഫീസുകൾ, വികസന/തുടർവിദ്യാകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ലഭിക്കുന്നതാണ്. ജില്ലാ സാക്ഷരതാ മിഷൻ ഓഫീസുകളുടെ വിലാസം അനുബന്ധമായി ചേർത്തിട്ടുണ്ട്.

- 100 രൂപയാണ് അപേക്ഷയുടെ വില. അപേക്ഷാഫോറം തപാലിൽ ലഭിക്കേണ്ടവർ സ്വന്തം മേൽവിലാസമെഴുതി 15 രൂപയുടെ സ്റ്റാമ്പ് ഒട്ടിച്ച കവർ (10.5 x 7 ഇഞ്ച്) 100 രൂപയുടെ ഡി.ഡി. സഹിതം (ഡയറക്ടർ, സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി, തിരുവനന്തപുരം എന്ന പേരിൽ എടുത്തത്) ജില്ലാ സാക്ഷരതാ മിഷൻ ഓഫീസിലേക്കോ സംസ്ഥാന ഓഫീസിലേക്കോ അയയ്ക്കേണ്ടതാണ്. അപേക്ഷാ ഫോറം സാക്ഷരതാ മിഷന്റെ literacymissionkerala.org എന്ന വെബ്സൈറ്റിലും ലഭ്യമാണ്. ഇപ്രകാരം അപേക്ഷിക്കുന്നവർ കോഴ്സ് ഫീസിനോടൊപ്പം 100 രൂപയുടെ ഡി.ഡി. കൂടി അടക്കണം.

- പത്താംതരം തുല്യത 'എ' ലെവൽ കോഴ്സിനുള്ള മൊത്തം ഫീസ് (പ്രോസ്പെക്ടസിന്റെ വിലയുൾപ്പെടെ) 1700 രൂപയാണ്. (കോഴ്സ് ഫീസ് 1200 രൂപ, പരീക്ഷാ ഫീസ് 500 രൂപ) . അപേക്ഷയോടൊപ്പം കോഴ്സ് ഫീസായ 1200 രൂപയുടെ ഡി.ഡി. സമർപ്പിക്കേണ്ടതാണ്. ഡയറക്ടർ, സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്നതായിരിക്കണം ഡി.ഡി. പരീക്ഷാ ഫീസായ 500 രൂപ, പരീക്ഷാ തീയതി വിജ്ഞാപനം ചെയ്യുന്ന മുറയ്ക്ക് പരീക്ഷാഭവൻ സെക്രട്ടറിയുടെ പേരിൽ ഡി.ഡി. ആയി പരീക്ഷയ്ക്കുള്ള അപേക്ഷയോടൊപ്പം അടക്കേണ്ടതാണ്. പട്ടിക ജാതി/ വർഗ്ഗ വിഭാഗക്കാരായ അപേക്ഷകരുടെ ഫീസ് സംസ്ഥാന പട്ടിക ജാതി/ വർഗ്ഗ വികസന വകുപ്പാണ് വഹിക്കുന്നത്.

- പൂരിപ്പിച്ച അപേക്ഷകൾ നിശ്ചിത തീയതിക്കുള്ളിൽ അതാതു ജില്ലാ സാക്ഷരതാ മിഷൻ ഓഫീസുകളിലേക്കോ സംസ്ഥാന ഓഫീസിലേക്കോ നേരിട്ടോ തപാലിലോ സമർപ്പിക്കേണ്ടതാണ്.

- ജനനതീയതി തെളിയിക്കുന്നതിന് പാസ്പോർട്ട്, പഠിച്ചിരുന്ന വിദ്യാലയത്തിലെ അഡ്മിഷൻ രജിസ്റ്ററിന്റെ അല്ലെങ്കിൽ ടി.സിയുടെ പ്രസക്തഭാഗം, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ്, എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ പ്രസക്തഭാഗം ഇവയിലേതെങ്കിലും ഒന്നിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സമർപ്പിച്ചാൽ മതിയാവും.

- സംവരണാനുകൂല്യം ലഭിക്കുന്ന സമുദായത്തിൽപ്പെട്ട അപേക്ഷകർ ജാതി തെളിയിക്കുന്നതിന് ബന്ധപ്പെട്ട വില്ലേജ്/താലൂക്ക് ഓഫീസിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സമർപ്പിക്കേണ്ടതാണ്.
- വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്ന രേഖയുടെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സമർപ്പിക്കേണ്ടതാണ്.
- അപേക്ഷയിൽ പതിക്കുന്ന ഫോട്ടോകൾ ഗസറ്റഡ് ഓഫീസർമാർ/തദ്ദേശ സ്വയംഭരണസ്ഥാപന മേധാവികൾ/തഹസിൽദാർമാർ/സർക്കാർ അംഗീകൃത സ്കൂൾ/ കോളേജ് മേധാവികൾ/വില്ലേജ് ഓഫീസർമാർ/സംസ്ഥാന സാക്ഷരതാ മിഷന്റെ കീഴിലുള്ള ജില്ലാ പ്രോജക്ട് കോർഡിനേറ്റർ ഇവരിലാരെങ്കിലും സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതാണ്.
- അപേക്ഷയോടൊപ്പമുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അപേക്ഷകർ പൂരിപ്പിച്ച് ഫോട്ടോ പതിക്കേണ്ടതാണ്. അപേക്ഷ രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് ടി. സർട്ടിഫിക്കറ്റ് തിരിച്ച് നൽകുന്നതും കോഴ്സുമായി ബന്ധപ്പെട്ട എല്ലാ അന്വേഷണങ്ങൾക്കും ഇത് ഒരു അടിസ്ഥാന രേഖയായിരിക്കുന്നതുമാണ്.

### അപേക്ഷകൾ നിരസിക്കപ്പെടാവുന്ന സാഹചര്യങ്ങൾ

- അപേക്ഷ അവ്യക്തവും അപൂർണ്ണവുമാണെങ്കിൽ.
- നിശ്ചിത ഫീസ് പൂർണ്ണമായും ഒടുക്കിയതിന്റെ ഡി.ഡി. ഇല്ലെങ്കിൽ.
- വയസ്സ് തെളിയിക്കുന്നതിനുള്ള സർക്കാർ അംഗീകൃത രേഖ സമർപ്പിച്ചിട്ടില്ലെങ്കിൽ.
- വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്ന രേഖ സമർപ്പിച്ചിട്ടില്ലെങ്കിൽ

### പഠനസാമഗ്രികൾ

സംസ്ഥാന സാക്ഷരതാ മിഷന്റെ ജില്ലാ ഓഫീസുകളിൽ നിന്നും പഠനസാമഗ്രികൾ കോഴ്സ് ആരംഭിക്കുമ്പോൾ വിതരണം ചെയ്യുന്നതാണ്.

### ക്ലാസ് നടത്തിപ്പ്

എല്ലാ ജില്ലകളിലും സാക്ഷരതാമിഷന്റെ ചുമതലയിൽ സമ്പർക്ക പഠന ക്ലാസ്സുകൾ നടത്തുന്നതാണ്. കൂടാതെ എഡ്യൂസാറ്റ് സംവിധാനവും ഈ കോഴ്സിനും ഉപയോഗപ്പെടുത്തുന്നതാണ്.

### പരീക്ഷാ കേന്ദ്രങ്ങൾ

പഠിതാക്കളുടെ എണ്ണമനുസരിച്ച് സംസ്ഥാനമൊട്ടാകെ പരീക്ഷാകേന്ദ്രങ്ങൾ സജ്ജീകരിക്കുന്നതാണ്.

### പരീക്ഷ നടത്തിപ്പ്

സംസ്ഥാന പൊതുപരീക്ഷാബോർഡാണ് പരീക്ഷ നടത്തുന്നത്.

## പരീക്ഷാരീതി

| വിഷയങ്ങൾ | ആകെ മാർക്ക് | ഓരോ വിഷയത്തിനും ജയിക്കാൻ വേണ്ട മിനിമം മാർക്ക് | ഓരോ പാർട്ടിനും ജയിക്കാൻ വേണ്ട മിനിമം മാർക്ക് |
|---|---|---|---|
| *പാർട്ട് 1* | | | |
| മലയാളം | 100 | 30 | |
| ഇംഗ്ലീഷ് | 100 | 30 | 90 |
| ഹിന്ദി | 50 | 15 | |
| *പാർട്ട് 2* | | | |
| സാമൂഹ്യശാസ്ത്രം *(ചരിത്രം, പൗരധർമ്മം, ഭൂമിശാസ്ത്രം)* | 100 | 30 | |
| ജനറൽ സയൻസ് *(ഊർജ്ജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം)* | 100 | 30 | 105 |
| ഗണിതം | 100 | 30 | |
| ഇൻഫർമേഷൻ ടെക്നോളജി | 50 | 15 | 15 |
| **ആകെ** | **600** | | **210** |

## നിബന്ധനകൾ

1. പത്താംതരം തുല്യത 'എ' ലെവൽ കോഴ്സ്/പരീക്ഷാ വ്യവസ്ഥകളെയും, മാർഗ്ഗരേഖകളെയും സംബന്ധിച്ച് എന്തെങ്കിലും സംശയങ്ങൾക്കോ വ്യാഖ്യാനങ്ങൾക്കോ ഇടവരുന്ന പക്ഷം ഇക്കാര്യത്തിൽ തുല്യതാ ബോർഡിന്റെയും പൊതു പരീക്ഷാ ബോർഡിന്റെയും തീരുമാനം അന്തിമമായിരിക്കും.
2. അപേക്ഷയോടൊപ്പം സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന നിശ്ചിത തുകയുടെ ഡിമാന്റ് ഡ്രാഫ്റ്റ് കൂടി അടയ്ക്കേണ്ടതാണ്.
3. അപൂർണ്ണവും അവ്യക്തവും നിശ്ചിത ഫീസ് അടയ്ക്കാത്തതുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.
4. അപേക്ഷയോടൊപ്പം അടച്ച തുക യാതൊരു കാരണവശാലും തിരികെ ലഭിക്കുന്നതല്ല.
5. ഈ കോഴ്സ് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റും തുല്യതാബോർഡും കാലാകാലങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ കോഴ്സിൽ ചേർന്നവർക്കും പുതുതായി ചേരുന്നവർക്കും ബാധകമായിരിക്കും.
6. ഈ കോഴ്സ്, പരീക്ഷ എന്നിവ സംബന്ധിച്ചുള്ള നിയമപരമായ തർക്കങ്ങൾ തിരുവനന്തപുരം ജില്ലയിലായിരിക്കും പരിഹരിക്കുന്നത്.

**ഡയറക്ടർ**

**അനുബന്ധം**

## ജില്ലാ സാക്ഷരതാ മിഷൻ ഓഫീസുകൾ

1 **തിരുവനന്തപുരം** : ജില്ലാ സാക്ഷരതാ മിഷൻ, ജില്ലാ പഞ്ചായത്ത് ഓഫീസ്,
പട്ടം പി.ഒ., തിരുവനന്തപുരം 4. ഫോൺ : 0471 2556740

2 **കൊല്ലം** : ജില്ലാ സാക്ഷരതാ മിഷൻ, തേവള്ളി പി.ഒ.,
കൊല്ലം 9. ഫോൺ : 0474 2798020

3 **പത്തനംതിട്ട** : ജില്ലാ സാക്ഷരതാ മിഷൻ, സിവിൽ സ്റ്റേഷൻ
പത്തനംതിട്ട ഫോൺ : 0468 2220799

4 **ആലപ്പുഴ** : ജില്ലാ സാക്ഷരതാ മിഷൻ, മുല്ലയ്ക്കൽ, ആലപ്പുഴ – 688 010.
ഫോൺ : 0477 2252095

5 **കോട്ടയം** : ജില്ലാ സാക്ഷരതാ മിഷൻ, വയസ്കരക്കുന്ന്,
കോട്ടയം – 686 001 ഫോൺ : 0481 2302055

6 **ഇടുക്കി** : ജില്ലാ സാക്ഷരതാ മിഷൻ, കുയിലിമല,
പൈനാവ് പി.ഒ., ഇടുക്കി–685 603 ഫോൺ : 0486 2232294

7 **എറണാകുളം** : ജില്ലാ സാക്ഷരതാ മിഷൻ, സിവിൽ സ്റ്റേഷൻ,
കാക്കനാട്, എറണാകുളം–682 030. ഫോൺ : 0484 2426596

8 **തൃശൂർ** : ജില്ലാ സാക്ഷരതാ മിഷൻ, അയ്യന്തോൾ,
തൃശൂർ – 3. ഫോൺ : 0487 2365024

9 **പാലക്കാട്** : ജില്ലാ സാക്ഷരതാ മിഷൻ, ജില്ലാ പഞ്ചായത്ത് ഓഫീസ്,
പാലക്കാട് – 678 001. ഫോൺ : 0491 2505179

10 **മലപ്പുറം** : ജില്ലാ സാക്ഷരതാ മിഷൻ, സാക്ഷരതാ ഭവൻ,
മലപ്പുറം – 676 505. ഫോൺ : 0483 2734670

11 **കോഴിക്കോട്** : ജില്ലാ സാക്ഷരതാ മിഷൻ, ജില്ലാ പഞ്ചായത്ത് ഭവൻ,
കോഴിക്കോട് – 20. ഫോൺ : 0495 2370053

12 **വയനാട്** : ജില്ലാ സാക്ഷരതാ മിഷൻ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ,
വയനാട് – 673 122. ഫോൺ : 0493 6202091

13 **കണ്ണൂർ** : ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഓഫീസ്
കണ്ണൂർ – 670 002. ഫോൺ : 0497 2707699

14 **കാസർഗോഡ്** : ജില്ലാ സാക്ഷരതാ മിഷൻ, വിദ്യാനഗർ പി.ഒ.,
കാസറഗോഡ് – 671 123. ഫോൺ : 04994 255507


**കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി**

ഗണേശ് ഭവൻ, തൈക്കാട്, തിരുവനന്തപുരം-695014

ഫോൺ നമ്പർ : 0471-2322253/2322254 ഫാക്സ് : 0471-2322252

ഇ-മെയിൽ : literacy@asianetindia.com

വെബ് സൈറ്റ് : literacymissionkerala.org